"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം -കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി.ജിജിമോൾ ഡൊമനിക് -നെ ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**കൃഷി(മൃഗസംരക്ഷണ- ഇ)വകുപ്പ്**

സ.ഉ.(കൈ)നം.17/2021/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 12.07.2021.

================================================================

പരാമർശം:-
1. 25.11.2005 ലെ സ.ഉ.(പി)501/2005/ധന നമ്പർ ഉത്തരവ്.
2. സ.ഉ (പി) നം .58/2018/ധന തീയതി 10.04.2018.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ റ്റി.എ 5200/2012 നമ്പർ കേസിന്മേലുള്ള 02.11.18 തീയതിയിലെ അന്തിമ വിധിന്യായം.
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.01.2019, 20.03.2019 എന്നീ തീയതികളിലെ എ.എച്ച്.ഡി/3622/2018-ജെ2 നമ്പർ കത്തുകൾ.
5. OP(KAT)394/2019 മേൽ ബഹു.ഹൈക്കോടതി 01.02.2021 തീയതിയായി പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി.ജിജിമോൾ ഡൊമനിക് ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ റ്റി.എ 5200/2012 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി.

2. ശ്രീമതി.ജിജിമോൾ ഡൊമനിക് -ന് മൂന്നിലവ് മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹതയുള്ളതിനാൽ പരാമർശം (1) ഉത്തരവിലെ Clause 8 അനുസരിച്ച് ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ടിയാളെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ പരാമർശം (3) പ്രകാരം ബഹു.ട്രിബ്യൂണൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് അനുസരിച്ച് ഉത്തരവ് തീയതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തീയതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കിവരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ശ്രീമതി.ജിജിമോൾ ഡൊമനിക് 2001 ജനുവരി മുതൽ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നുണ്ടെങ്കിലും ടിയാളോടൊപ്പം മാതാവും സഹോദരിയും ഒന്നിടവിട്ട മാസങ്ങളിൽ 2011 ജൂലൈ വരെയുള്ള കാലയളവിൽ ജോലി നോക്കിയിരുന്നു. പരാമർശം (1) ഉത്തരവ് അനുസരിച്ച് ശ്രീമതി.ജിജിമോൾ ഡൊമനിക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹയല്ലാത്തതിനാൽ ബഹു.ട്രിബ്യൂണലിന്റെ 02.11.18 തീയതിയിലെ വിധിക്കെതിരെ OP (KAT) 394/2019 ഫയൽ ചെയ്യുകയുണ്ടായി.

4. എന്നാൽ അപേക്ഷകയ്ക്ക് ക്രമവൽക്കരണത്തിന് അർഹതയുള്ളതിനാൽ ബഹു.ട്രിബ്യൂണലിന്റെ വിധി ശരിവച്ചുകൊണ്ടും OP(KAT) തള്ളിക്കൊണ്ടും ബഹു.ഹൈക്കോടതി

പരാമർശം (5) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം (5) ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ / താത്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി ഉത്തരവിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്ന് പരാമർശം (2) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ജിജിമോൾ ഡൊമനിക് -ന് ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരനിയമനം നൽകി ഉത്തരവാകുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ റ്റി.എ 5200/2012 നമ്പർ കേസിന്മേലുള്ള 02.11.18 തീയതിയിലെ അന്തിമ വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ടിങ്കു ബിസ്വാൾ**
സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് , തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിക്ക് (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O.(F) No.1151713/അഗ്രി -എ 2/58/2019-ധന തീയതി 24/05/2021 )
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 08-07-2021**

ഫയൽ നം. ഇ2/78/2017-എ.എച്ച്. ഇനം നം: 97

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ജിജിമോൾ ഡൊമനിക്-ന് ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി(മൃഗസംരക്ഷണ)വകുപ്പ്.

9/7

9/7/2021

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 2/78/2017- എ.എച്ച് |
| 2 | വകുപ്പ് | : | കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് |
| 3 | വിഷയം | : | കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ജിജിമോൾ ഡൊമനിക് -ന് ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരനിയമനം നൽകുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22.06.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.06.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ . വി . പി .ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.06.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ചിഞ്ചുറാണി .ജെ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29.06.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.06.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുളള കുറിപ്പ്

കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ജിജിമോൾ ഡൊമനിക് -നെ ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി. ജിജിമോൾ ഡൊമനിക് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ റ്റി.എ 5200/2012 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിന്മേൽ ബഹു. ട്രിബ്യൂണലിന്റെ 02.11.18 തീയതിയിലെ അന്തിമ വിധിന്യായത്തിൽ ശ്രീമതി. ജിജിമോൾ ഡൊമനിക് -ന് മൂന്നിലവ് മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹതയുള്ളതിനാൽ 25.11.2005 ലെ സ.ഉ (പി) 501/2005/ധന ഉത്തരവിലെ Clause 8 അനുസരിച്ച് മൂന്നിലവ് മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ഉത്തരവായി. തുടർന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

3. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"25/11/2005 തിയ്യതിയിലെ സ .ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തീയതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കിവരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളതെന്നും ശ്രീമതി . ജിജിമോൾ ഡൊമനിക് 2001 ജനുവരി മുതൽ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നുണ്ടെങ്കിലും ടിയാളോടൊപ്പം മാതാവും സഹോദരിയും ഒന്നിടവിട്ട മാസങ്ങളിൽ 2011 ജൂലൈ വരെയുള്ള കാലയളവിൽ ജോലി നോക്കിയിട്ടുള്ളതിനാൽ 25/11/2005 തിയ്യതിയിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവ് അനുസരിച്ച് ശ്രീമതി . ജിജിമോൾ ഡൊമനിക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹയല്ലായെന്നും ഈ വസ്തുത ചൂണ്ടികാട്ടി ബഹു . ട്രിബ്യൂണലിന്റെ 02.11.18 തീയതിയിലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. "

4. ധന വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ TA 5200/2012 നമ്പർ കേസിന്മേലുള്ള 02.11.18 തീയതിയിലെ വിധിക്കെതിരെ ബഹു. ഹൈക്കോടതി മുൻപാകെ OP(KAT) 394/2019 ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ അപേക്ഷകയ്ക്ക് ക്രമവൽക്കരണത്തിന് അർഹതയുള്ളതിനാൽ ബഹു. ട്രിബ്യൂണലിന്റെ വിധി ശരിവച്ചുകൊണ്ടും OP(KAT) തള്ളിക്കൊണ്ടും ബഹു. ഹൈക്കോടതി 01.02.2021 തീയതിയായി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ 02.11.18 തീയതിയിലെ അന്തിമ വിധിന്യായം പാലിക്കുന്നതിന് 6 ആഴ്ചത്തെ സമയം അനുവദിച്ചുകൊണ്ടും ഉത്തരവാകുകയുണ്ടായി.

5. OP(KAT) 394/2019 ബഹു. ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ T.A.No.5200/ 2012 നമ്പർ കേസിന്മേലുള്ള 02.11.2018 തീയതിയിലെ വിധിന്യായം അനുസരിച്ച് ശ്രീമതി. ജിജിമോൾ ഡൊമനിക് -നെ മൂന്നിലവ് മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ശ്രീമതി.ജിജിമോൾ ഡൊമനിക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹയല്ല എന്ന ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ മാറ്റമില്ലെന്നും OP(KAT) 394/2019 ബഹു. ഹൈക്കോടതി നിരസിച്ചിരിക്കുന്നതിനാൽ ശ്രീമതി .ജിജിമോളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. "

6. OP(KAT) 394/2019 ബഹു. ഹൈക്കോടതി നിരസിച്ചിട്ടുള്ള സാഹചര്യത്തിൽ TA 5200/2012 നമ്പർ കേസിന്മേലുള്ള 02.11.18 തീയതിയിലെ വിധി പാലിച്ചില്ലെങ്കിൽ കോടതിയലക്ഷ്യ നടപടിക്ക് സാധ്യതയുണ്ട്. സർക്കാർ വകുപ്പുകളിൽ എതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ / താത്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി ഉത്തരവിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ് എന്ന് ധന വകുപ്പിന്റെ 10.04.2018

ലെ സ . ഉ (പി) നം .58/ 2018/ ധന നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ധന വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് ശ്രീമതി. ജിജിമോൾ ഡൊമനിക് - നെ മൂന്നിലവ് മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട കാര്യം

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് കോട്ടയം ജില്ലയിലെ മൂന്നിലവ് മൃഗാശുപത്രിയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. ജിജിമോൾ ഡൊമനിക് -ന് ടി മൃഗാശുപത്രിയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരനിയമനം നൽകാവുന്നതാണോ ?